# <u>Kerala Teacher Eligibility Test – ന് Online ആയി Registration നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ</u>

ഈ വർഷം പരീക്ഷാർത്ഥികൾക്ക് ഫീസ് അടയ്ക്കാൻ ഓൺലൈൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. ഒന്നിൽ കൂടുതൽ കാറ്റഗറി പരീക്ഷകൾ എഴുതുന്നവർ ഒരു അപേക്ഷ മാത്രം നൽകിയാൽ മതി.

ഒന്നാംഘട്ടം -പരീക്ഷകളുടെ കാറ്റഗറിയും, പരീക്ഷാർത്ഥിയുടെ വിഭാഗവും(General\OBC\OEC|SC\ST\PDA – Persons with Differntly Abled) രേഖപ്പെടുത്തുന്നതും ഫീസ്അടയ്ക്കുന്നതുമാണ് ഈ ഘട്ടത്തിൽ

രണ്ടാംഘട്ടം - പരീക്ഷാർത്ഥികളുടെ മറ്റു വിവരങ്ങളും ഫോട്ടോയും നൽകി പൂർത്തീകരിച്ച അപേക്ഷ സമർപ്പിക്കുന്നതിനും അതിന്റെ പ്രിന്റ് എടുക്കുന്നതിനും സാധിക്കും.

## <u>ഒന്നാംഘട്ടം ( STEP I REGISTRATION)</u>

പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapareekshabhavan.in വഴി KTET online application 2017 എന്ന link – ൽ click ചെയ്ത് ലഭിക്കുന്ന പുതിയ പേജിൽ Step I Registration സെലക്ട് ചെയ്യുക.

തുടർന്ന് വരുന്ന പേജിൽ ഏറ്റവും അവസാനമായുള്ള Check Box – Tick ചെയ്ത് Proceed Button അമർത്തുക.




പുതുതായി അപ്പോൾ ലഭിക്കുന്ന പേജിൽ payment category KTET 2017 എന്ന് select ചെയ്യുക.




ഒരു അപേക്ഷകന് ഒന്നിൽകൂടുതൽ രജിസ്ട്രേഷൻ, payment ഇവ അനുവദിക്കുന്നതല്ല

പരീക്ഷാർത്ഥി General/OBC/OEC/SC/ST ഇതിൽ ഏത് വിഭാഗത്തിലാണ് ഉൾപ്പെടുന്നതെന്ന് ഒന്നാമത്തെ ബോക്സിൽ കൃത്യമായി രേഖപ്പെടുത്തണം. General വിഭാഗത്തിന് GEN എന്നും OBC വിഭാഗത്തിന് OBC എന്നും OEC വിഭാഗത്തിന് OEC എന്നും SC വിഭാഗത്തിന് SC എന്നും ST വിഭാഗത്തിന് ST എന്നും capital letter ൽ കൃത്യമായി രേഖപ്പെടുത്തണം.

ഭിന്നശേഷിയുള്ള പരീക്ഷാർത്ഥികൾ General/OBC/OEC/SC/ST എന്നത് ഈ ഘട്ടത്തിൽ സെലക്ട് ചെയ്യരുത്. (രണ്ടാംഘട്ടത്തിൽ ഇതിലുള്ള അവസരം ഉണ്ടാകുന്നതാണ്.) പകരം PDA (Person with Differently Abled) എന്ന് രേഖപ്പെടുത്തേണ്ടതാണ്. തുടർന്ന് അപേക്ഷ സമർപ്പിക്കുന്നന്നതിനുള്ള കാറ്റഗറി പരീക്ഷകൾ സെലക്ട് ചെയ്യുക.

ഈ രണ്ട് വിവരങ്ങളും രേഖപ്പെടുത്തിയ ശേഷം submit button click ചെയ്യുക.




തുടർന്നുള്ള പേജിൽ അപേക്ഷിക്കുന്ന ആളിന്റെ പേര് (SSLC

സർട്ടിഫിക്കറ്റിലേതുപോലെ), ജനനതീയതി (dd/mm/yyyy ഫോർമാറ്റിൽ ഉദാ:- 20/12/1994), മൊബൈൽ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഇവ നൽകിയ ശേഷം submit button click ചെയ്യുക.




തുടർന്ന് വരുന്ന verification പേജിൽ നൽകിയ വിവരങ്ങൾ എല്ലാം ശരിയാണെന്ന് ഉറപ്പ വരുത്തിയതിന് ശേഷം 'confirm' button click ചെയ്യുക.

ഇനി വരുന്ന പേജിൽ നിന്നാണ് ഏത് രീതിയിലാണ് ഫീസ് അടയ്ക്കേണ്ടത് എന്ന് തീരുമാനിക്കുന്നത്.

Net-Banking, card payments, Other payment modes (chalan) എന്നീ ഓപ്ഷനുകളിൽ നിന്ന് ഉചിതമായത് സെലക്ട് ചെയ്ത് payment complete ചെയ്യാവുന്നതാണ്.




Online payment കഴിയുമ്പോൾ ലഭിക്കുന്ന transaction receipt ന്റെ printout എടുത്ത് സൂക്ഷിക്കേണ്ടതാണ്. അപ്പോൾ ലഭിക്കുന്ന SB COLLECT Reference Number രണ്ടാംഘട്ടത്തിലെ വിവരങ്ങൾ നൽകുന്നതിന് ആവശ്യമാണ്.

ആദ്യഘട്ടം പൂർത്തീകരിച്ചശേഷം രണ്ടാംഘട്ടത്തിലെ വിവരങ്ങൾ നൽകുന്നതിന് അടുത്ത ദിവസം മാത്രമേ സാധിക്കുകയുള്ളൂ.Other payment modes ൽ chalan വഴി ഫീസ് അടയ്ക്കുന്നവർ chalan print ചെയ്ത് അടുത്തുള്ള SBT ശാഖയിൽ ഫീസ് അടയ്ക്കേണ്ടതാണ്. chalan ൽ രേഖപ്പെടുത്തിയിരിക്കുന്ന SB Collect Reference No. ആണ് രണ്ടാംഘട്ടത്തിൽ വിവരങ്ങൾ നൽകുവാനായി ഉപയോഗിക്കേണ്ടത്.

**രണ്ടാംഘട്ടം** (STEP II REGISTRATION)

ഫീസ് അടച്ചവർക്ക് മാത്രമേ രണ്ടാംഘട്ടത്തിൽ വിവരങ്ങൾ നൽകാൻ സാധിക്കുകയുള്ളൂ. ഫീസ് അടച്ചതിന് അടുത്ത ദിവസം മുതൽ വിവരങ്ങൾ നൽകാം. ഇതിനായി പരീക്ഷാഭവന്റെ

വെബ്സൈറ്റായ www.keralapareekshabhavan.in ൽ നിന്നും KTET online application 2017 എന്ന link – ൽ click ചെയ്ത് ലഭിക്കുന്ന പുതിയ പേജിൽ Step II Registration സെലക്ട് ചെയ്യുക. തുടർന്ന് ലഭിക്കുന്ന login screen ൽ SB Collect Reference No, Date of Birth, Mobile Number നൽകി login ചെയ്യുക.

പുതുതായി ലഭിക്കുന്ന പേജിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ ശ്രദ്ധാപൂർവ്വം നൽകുക.


Kerala Pareeksha Bhavan

Kerala Teacher Eligibility Test (K-TET) 2015

Logout

Transaction ID : DU53174633

Category Applied for *
- Category I (for LP Section)
- Category II (for UP Section)
- Category III (for H S Section)
- Category IV (for Language Teachers)

**Category II**

Medium of Instruction (Language I) for Category II * : Select

Elements of Language (Language II) for Category II * : Select

**Minimum Qualification** * Select

| Sl.No. | Qualification | Register No. | University/Board | Year of Passing | % of marks |
|---|---|---|---|---|---|
| 1. | | | | | |
| 2. | | | | | |

**Basic Details**

| | |
|---|---|
| Educational District Selected as the Exam. Centre * | Select |
| Name of the Candidate (As in SSLC Certificate) * | AKS |
| Sex * | Male Female |
| Date of Birth (dd/mm/yyyy) * | 04/04/1985 |
| Name of Father/Guardian * | |
| Religion * | Select |
| Category * | Select |
| Caste * | |
| Address to which communication is to be sent * | |
| Land Phone Number | |
| Mobile Phone Number * | 1234512345 |
| Email ID | |

**Bank Payment Details**

Examination Fee * 8

**Upload Photo**

*Upload a recent photo in jpeg format,between 25 and 30kb size must not exceed 30kb* * Browse... No file selected.

Save

## Photo Upload ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ

- കളർ/ബ്ലാക്ക് & വൈറ്റ് ഫോട്ടോ
- ഫോട്ടോ 20 kb മുതൽ 30 kb വരെയുള്ളതായിരിക്കണം.
- 150 x 200 pixel (150 width 200 height)
- jpeg format ൽ ആയിരിക്കണം.
- ഫോട്ടോയിൽ പേര്, തീയതി ഇവ രേഖപ്പെടുത്തരുത്.
- ഫോട്ടോയുടെ background ലൈറ്റ്കളർ ആയിരിക്കണം

ഫോട്ടോ upload ചെയ്തശേഷം സേവ് ചെയ്യുക. തുടർന്ന് ലഭിക്കുന്ന preview page ൽ നൽകിയ വിവരങ്ങൾ ശ്രദ്ധാപൂർവ്വം പരിശോധിച്ച് തിരുത്തലുകൾ ആവശ്യമില്ലെങ്കിൽ Final submit ചെയ്യുക. ഏതെങ്കിലും രീതിയിലുള്ള തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ edit button

click ചെയ്ത് മാറ്റങ്ങൾ വരുത്തിയതിന് ശേഷം Save ചെയ്യുക. തുടർന്ന് preview page ൽ വന്ന് final submit ചെയ്യുക.

Final submit ചെയ്തതിന് ശേഷം യാതൊരുവിധത്തിലുമുള്ള തിരുത്തലുകളും അനുവദിക്കുന്നതല്ല. തുടർന്ന് ലഭിക്കുന്ന application ന്റെ printout എടുക്കാവുന്നതാണ്. തുടർന്നുള്ള എല്ലാ ആവശ്യങ്ങൾക്കും റഫറൻസിനായി printout സൂക്ഷിക്കേണ്ടതാണ്.

**********************************************************************